32 (995) ബാങ്കിംഗ് ട്രഷറികൾ നോൺ ബാങ്കിംഗ് ട്രഷറികളാക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ബാങ്കിംഗ് ട്രഷറികൾ പ്രവർത്തിക്കുന്നു;

(ബി) ഇവയെ നോൺ ബാങ്കിംഗ് ട്രഷറികളാക്കി മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ 104 ബാങ്കിംഗ് ട്രഷറികൾ പ്രവർത്തിക്കുന്നു.

(ബി) ഇപ്പോൾ ബാങ്കിംഗ് ട്രഷറികൾ നോൺ ബാങ്കിംഗ് ട്രഷറികളായി മാറ്റാൻ ഉദ്ദേശം ഇല്ല.

(സി) മുകളിലെ മറുപടി പ്രകാരം ബാധകമല്ല.

33 (996) സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും നിർബന്ധിത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ ലഭിക്കുന്ന തുക മുഴുവൻ സംസ്ഥാന സർക്കാരിന്റെ ഖജനാവിലേയ്ക്ക് തന്നെ മുതൽക്കൂട്ടുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 19.8.76-ലെ ജി.ഒ. (പി) നം. 257/76/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1976 ഓഗസ്റ്റ് മാസത്തിന് ശേഷം സ്റ്റേറ്റ് സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാരും നിർബന്ധിതമായി സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ ലഭിക്കുന്ന തുക 8011-ഇൻഷ്വറൻസ് പെൻഷൻ ഫണ്ട് 105. സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട് 99 സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് ഫണ്ട് എന്ന ശീർഷകത്തിലൂടെ സർക്കാർ ഖജനാവിലേയ്ക്ക് മുതൽ കൂട്ടുന്നുണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly